പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1649

3.10.2011 ൽ
മറുപടിയ്ക്ക്

## തവന്നൂർ കൂട്ടായിയിൽ മാവേലി സ്റ്റോർ

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ. കെ.ടി.ജലീൽ : | ശ്രീ. റ്റി.എം. ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ളൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) തവന്നൂർ മണ്ഡലത്തിലെ മംഗലം, പുറത്തൂർ പഞ്ചായത്തുകൾ ഉൾപ്പെടുന്ന 9 വാർഡുകൾ അടങ്ങുന്ന തീരദേശ മേഖലയിലെ കൂട്ടായിയിൽ ഒരു മാവേലി സ്റ്റോർ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | എ) നിലവിൽ മംഗലം പഞ്ചായത്തിൽ മംഗലം, കുറമ്പടി, കൂട്ടായി എന്നിവിടങ്ങളിലും പുറത്തൂർ ഗ്രാമപഞ്ചായത്തിൽ പുറത്തൂരും മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾക്കാണ് ഇപ്പോൾ മുൻഗണന നൽകി വരുന്നത്. |
| ബി) ഗ്രാമപഞ്ചായത്തു ഭരണസമിതികൾ എന്തു പങ്കാണ് വഹിക്കേണ്ടത് ; വ്യക്തമാക്കാമോ ; | ബി) & സി) ഗ്രാമപഞ്ചായത്തുകൾ സപ്ലൈകോയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ 500 സ്ക്വ.ഫീറ്റിൽ കുറയാത്ത വാടകരഹിത കെട്ടിടം, കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങൾ അല്ലെങ്കിൽ ഉപകരണങ്ങൾ വാങ്ങാൻ 40,000 രൂപ എന്നിവ നൽകാൻ തയ്യാറാകുന്ന മുറയ്ക്ക് സാദ്ധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹികമായും, വാണിജ്യപരമായും ഗുണകരമാണെന്ന് കണ്ടാൽ ജീവനക്കാരുടെ ലഭ്യതയനുസരിച്ച് ആണ് മാവേലി സ്റ്റോർ തുടങ്ങുന്നതാണ്. |
| സി) എം.എൽ.എയോ, പഞ്ചായത്തോ മുൻകൈ എടുക്കുകയാണെങ്കിൽ ഒരു പുതിയ മാവേലി സ്റ്റോർ തീരദേശ മേഖലയിലെ അനുയോജ്യമായ സ്ഥലത്ത് ആരംഭിക്കാൻ തയ്യാറാകുമോ ? | |

സെക്ഷൻ ഓഫീസർ